പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5651

06.07.12ൽ മറുപടിയ്ക്ക്

# ആലപ്പുഴ മാസ്റ്റർ പ്ലാൻ പ്രോജക്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.സദാശിവൻ | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ആലപ്പുഴ ടൂറിസം ലക്ഷ്യമാക്കിയുള്ള മാസ്റ്റർ പ്ലാൻ പ്രോജക്ട്-റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിനു സമർപ്പിച്ചിട്ടുണ്ടോ; | (എ) ആലപ്പുഴയ്ക്കുവേണ്ടി തയ്യാറാക്കിയ മാസ്റ്റർ പ്ളാനിൽ ഉൾപ്പെട്ട ചില പദ്ധതികൾ കേന്ദ്ര സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത മാസ്റ്റർ പ്ലാൻ ആരാണ് തയ്യാറാക്കിയിട്ടുള്ളത്; അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) ടൂറിസം വകുപ്പിന്റെ എംപാനൽഡ് കൺസൾട്ടന്റായ M/s.പിള്ള അസോസിയേറ്റ്സ് ആണ് ആലപ്പുഴയ്ക്കു വേണ്ടിയുള്ള മാസ്റ്റർ പ്ളാൻ തയ്യാറാക്കിയിട്ടുള്ളത് |
| (സി) മാസ്റ്റർ പ്ലാനിൽ എന്തെല്ലാം പദ്ധതികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ? | (സി) ഹൗസ് ബോട്ട് ടെർമിനൽ നിർമ്മാണം, നൈറ്റ് ഹാൾട്ടിംഗ് സെന്ററിന്റെ നിർമ്മാണം, മൈക്രോ ഡെസ്റ്റിനേഷനുകളുടെ നിർമ്മാണം, വെസ്സൽ ഇൻവെന്ററി & റൂട്ട് മാനേജ്മെന്റ് സിസ്റ്റം, മാലിന്യ സംസ്കരണ പ്ളാന്റുകൾ, ആലപ്പുഴ - ചങ്ങനാശ്ശേരി കനാലിന്റെ സൗന്ദര്യവത്കരണം, റോഡുകളുടെയും ഫ്ളൈ ഓവറുകളുടെയും നിർമ്മാണം, ജലാശയങ്ങളുടെ പുനരുജ്ജീവനം, അന്ധകാരനഴിയിൽ അക്വേറിയം കോംപ്ളക്സിന്റെ നിർമ്മാണം തുടങ്ങിയ പദ്ധതികൾ ആലപ്പുഴയ്ക്കു വേണ്ടി തയ്യാറാക്കിയ മാസ്റ്റർ പ്ളാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ